STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in

statepolicemediacentre

No.569/PR/SPMC/PHQ/2021 Date :18.12.2021

**പോലീസ് ഉദ്യോഗസ്ഥന്റെ മരണത്തിൽ**

**സംസ്ഥാന പോലീസ് മേധാവി അനുശോചിച്ചു**

എസ്.എ.പി ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ എസ്.ബാലുവിന്റെ നിര്യാണത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അനുശോചിച്ചു. ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമായ ബാലു മികച്ച ഉദ്യോഗസ്ഥനായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ഇന്ന് ഉച്ചയോടെയാണ് ബാലു മുങ്ങിമരിച്ചത്.

ആലപ്പുഴ പുന്നപ്ര സ്വദേശിയായ ബാലു (27) ഇക്കൊല്ലം ജനുവരിയിലാണ് പരിശീലനത്തിനായി സേനയിൽ ചേർന്നത്. പുന്നപ്ര ആലിശ്ശേരിൽ കാർത്തികയിൽ ഡി.സുരേഷിന്റെയും അനിലാദാസിന്റെയും മകനാണ്. സിവിൽ എഞ്ചിനീയറിംഗ്, ധനതത്വശാസ്ത്രം എന്നിവയിൽ ബിരുദധാരിയായ അദ്ദേഹം അവിവാഹിതനാണ്. കേസന്വേഷണത്തിന്റെ ഭാഗമായി സഹപ്രവർത്തകരോടൊപ്പം വള്ളത്തിൽ യാത്രചെയ്യവെ കടയ്ക്കാവൂർ പണയിൽകടവിലായിരുന്നു അപകടം.

*************************